# 'കര്‍ത്താവിന്റെ ശബ്ദം ശ്രവിക്കുക'

## രൂത്ത് 2:8

"കേട്ടോ മകളേ, പെറുക്കുവാന്‍ വേറൊരു വയലില്‍ പോകേണ്ടാ, ഇവിടം വിടുകയും വേണ്ടാ."

വിജാതീയ പശ്ചാത്തലത്തില്‍ ജനിച്ചു വളര്‍ത്തപ്പെട്ടവളായിട്ടും യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിന്‍ കീഴില്‍ ആശ്രയിച്ചു നിന്ന സ്ത്രീരത്നമാണല്ലോ രൂത്ത്. അവളുടെ ഉറച്ച തീരുമാനം ദൈവം അവളെ മാനിക്കുന്നതിനു കാരണമായി മാത്രമല്ല അതിന്റെ കവിഞ്ഞൊഴുക്ക് നവോമിയിലേക്ക് പകരപ്പെടുവാനും ഇടയായി. അവള്‍ക്കായി ഒരു വീണ്ടെടുപ്പുകാരനെ ഒരുക്കി യിസ്രായേല്‍ഗൃഹം പണിതു. അനാഥയും, വിജാതിയയും, വിധവയുമായ രൂത്ത് സമ്പന്നയും കുടുംബിനിയുമായി മാറുന്ന ചിത്രം. ഈ അനുഗ്രഹങ്ങളുടെ ഒക്കെയും പിറകില്‍ രൂത്ത് ബോവസിനെ കണ്ടെത്തി എന്നതാകുന്നു. തക്കവയലില്‍ എത്തിച്ചേരുവാന്‍ ദൈവം തുണ ചെയ്തു. വീണ്ടെടുപ്പുകാരനായ ബോവസിന്റെ കരുണയോടുകൂടിയുള്ള പരിപാലനം തുടര്‍ന്നു നമുക്ക് കാണാം

മകളേ, പെറുക്കുവാന്‍ വേറൊരു വയലില്‍ പോകണ്ട, ഇവിടം വിടുകയും വേണ്ട. എത്ര വലിയ ദയ ആകുന്നു ബോവസിലൂടെ അവള്‍ക്ക് ലഭിക്കുന്നത്. കഷ്ടതകളുടെയും പ്രതികൂലങ്ങളുടെയും നടുവിലും വിശ്വാസത്തോടെ ജീവിതം മുന്നോട്ടു നയിക്കുവാന്‍ നമ്മെയും കര്‍ത്താവ് വിളിക്കുന്ന വിളിയാണിത്. പിശാചിന്റെ തന്ത്രങ്ങള്‍, പോരാട്ടങ്ങളുടെ വലിയ കാര്‍മേഘങ്ങള്‍ കൊണ്ടുവരുമ്പോഴും ദൈവപൈതലിന് പ്രത്യാശയുണ്ട്. ധൈര്യമുണ്ട്. കാരണം ബോവസ് ആരെന്ന് നമുക്കറിയാം.

നമ്മുടെ കര്‍ത്താവ് വലിയവനും, ശക്തനും, ധനവാനും, ശ്രേഷ്ഠനുമാകുന്നു. മകളേ, മകനെ എന്ന ആര്‍ദ്രകരുണയോടുകൂടെയുള്ള വിളി മാത്രം ഓര്‍ത്താല്‍ മതി. പെറുക്കുവാന്‍ മറ്റെവിടെയും നീ പോകണ്ട, ഇവിടം വിടുകയും വേണ്ട എന്നതാണ് വാഗ്ദത്തം. അനാധികാലം മുതല്‍ ഇന്നുവരെ ചെയ്ത നന്മകള്‍ എത്രയധികം. അവന്‍ വാഗ്ദത്തം ചെയ്തിട്ടുണ്ടെങ്കില്‍ മാറാത്തവനാകുന്നു. "ഭൂമി മാറിപ്പോയാലും പര്‍വ്വതങ്ങള്‍ കുലുങ്ങി സമുദ്രമധ്യേ വീണാലും അളവറ്റ കൃപ അതാകുന്നു നമ്മുടെ പ്രത്യാശയുടെ നങ്കൂരം.

അതേ, ജീവിതത്തില്‍ സകലതും നഷ്ടപ്പെട്ട രൂത്തിന് പ്രത്യാശയുടെ കിരണം ഉള്ളിലുണ്ടായിരുന്നു. തന്നോട് കൃപ കാണിക്കാന്‍ ഒരുവനെ വയലില്‍ ഒരുക്കും. അത് അവളെ ഭയം കൂടാതെ ഭാരപ്പെടാതെ പുറകിലുള്ളതിനെയോര്‍ത്ത് ഭീരുവായി ഒളിമാടത്തിലേക്ക് കയറിയിരിക്കാതെ തക്കവയലില്‍ ചെന്നെത്താന്‍ ഇടയാക്കി.

അതോടുകൂടി ബോവസ് എന്ന ധനവാനായ ചാർച്ചക്കാരന്റെ സകലതും ആയിത്തീരാൻ ഇടയായി.

ഇന്ന് തക്കവയലിൽ കൃപയാൽ നാം എത്തിച്ചേർന്നിരിക്കുന്നു. സ്നേഹത്തോടെ, കരുണയോടെ പെറുക്കാൻ വിളിക്കുന്ന കർത്താവിന്റെ സാന്നിധ്യം. ഇതൊക്കെ ഉണ്ടെങ്കിലും കർത്താവായ യേശുവിന്റെ സമ്പന്നത കാണാൻ കഴിയാതെ പോകുന്ന ഒരു ദയനീയ സ്ഥിതി ആണ്. എത്ര ഭാരപ്പെടുത്തുന്ന വിഷയമാകുന്നു. എഫേസ്യർ 2:6ൽ പറയുന്നു. ‘‘കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുയേശുവിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിനു ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു.’’ ഇന്ന് ദൈനംദിനമായ ജീവിതാവശ്യങ്ങളിന്മേൽ കാലാ പെറുക്കുവാനും വയലിൽ ഇറങ്ങുവാനും സന്നദ്ധരാണ്. എന്നാൽ നാം കണ്ടതുപോലെ അവന്റെ കൃപയുടെ അത്യന്തധനം എന്തെന്ന് ഒരല്പം എങ്കിലും അറിയുവാൻ ഏറ്റെടുക്കുവാൻ ഈ വചനം നമ്മെ ശക്തീകരിക്കട്ടെ. അവനോടുകൂടെ നിത്യമായി വസിക്കുവാനാണ്, അതേ സ്വർഗ്ഗത്തിൽ ഇരുത്തുവാനാണ് കർത്താവിന്റെ ഇഷ്ടം. അതിനായി നമ്മെ വിട്ടുകൊടുക്കണം.

അവനോട് ചേർന്നുനിന്നുകൊണ്ട് സമ്പന്നനായ ബോവസിന്റെ വയലിൽനിന്നു മാത്രം പെറുക്കുവാൻ രൂത്തിനെപ്പോലെ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ‘കേട്ടോ മകളേ’, ഇന്ന് വീണ്ടെടുപ്പുകാരനായ കർത്താവിനെ കേൾക്കുവാൻ കഴിയാതെ പോകുന്ന അനുഭവമാണ്. അവനെ കേട്ടെങ്കിൽ മാത്രമേ, അവന്റെ ശബ്ദം ശ്രവിക്കാൻ സാധിച്ചാൽ മാത്രമേ തക്കവയലിൽനിന്ന് വേണ്ടിയതിനെ, വേണ്ടപോലെ പെറുക്കി എടുക്കുവാൻ കഴിയൂ. അതിനായി ദൈവാത്മാവ് നമ്മെ ഏവരെയും ഇടയാക്കട്ടെ. അളവറ്റ ആ കൃപയിൽ നമുക്കാശ്രയിക്കാം. ജീവിക്കാം.

പരാമർശം :
വെളിപ്പാട് 3:20

‘ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.’

സിസ്റ്റർ ബിന്ദു റെജി അയ്മനം 077